**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 260** **23-01-2025 - ൽ മറുപടിയ്ക്ക്**

**സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ അടിമാലിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി റീവാലിഡേറ്റ് ചെയ്യുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | അടിമാലി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണത്തിന് 2015-ൽ സ.ഉ.(സാധാ)നം.2644/2015/ആ.കു.വ. തീയതി 17.08.2015 പ്രകാരം 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിൽ കാല താമസം മൂലം നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിരുന്നില്ല. ആയതിനാൽ 2015-ലെ സർക്കാർ ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. നിർമ്മാണം ആരംഭിക്കാതിരുന്ന കാലയളവിൽ ഡി.എസ്.ആർ. നിരക്കിലും ജി.എസ്.ടി. നിരക്കിലും വർദ്ധനവ് ഉണ്ടായതിനാൽ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി നൽകിയ 30.25 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റും, പ്ലാനും ഭരണാനുമതി ലഭ്യ മാക്കുന്നതിനായി 09.11.2023 തീയതിയിലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച ശേഷം, അടിമാലി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണം ഒരു ഘട്ടമായി പൂർത്തിയാക്കുന്നതിനായി സമർപ്പിച്ച 30.25 കോടി രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 4210-01-110-66 ശീർഷകത്തിനു കീഴിൽ പുതുക്കിയ ഭരണാനു മതി നൽകുന്ന വിഷയത്തിൽ ജസ്റ്റിഫിക്കേഷൻ റിപ്പോർട്ട് സഹിതം പ്രൊപോസൽ പുനഃ സമർപ്പിക്കുവാൻ 12.04.2024 തീയതിയിലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസൽ 17.11.2024 തീയതിയിലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയത് സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഭരണാനുമതി റീവാലിഡേറ്റ് ചെയ്യാത്തതുമൂലം ബജറ്റിൽ അനുവദിച്ച തുക വിനിയോഗിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ